## പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 3818** 31.01.2014 ൽ മറുപടിയ്ക്ക്

# ഗാർഹിക ഉപഭോക്താക്കൾക്ക് സോളാർ വൈദ്യുത പാനലുകൾ സ്ഥാപിക്കുന്നതിന് സൗജന്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ഗാർഹിക ഉപഭോക്താക്കൾക്ക് സോളാർ വൈദ്യുത പാനലുകൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും സൗജന്യങ്ങൾ നല്കിവരുന്നുണ്ടോ;<br>(ബി ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) യും (ബി) യും<br>അനെർട്ട് ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന 10000 റൂഫ്ടോപ്പ് പദ്ധതിയിലൂടെ 1 കിലോവാട്ട് സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് കേന്ദ്ര ധനസഹായമായി 53,262/- രൂപയും സംസ്ഥാന ധനസഹായമായി 39,000/- രൂപയും നൽകി വരുന്നു. |
| (സി) വലിയ വീടുകളും കെട്ടിടങ്ങളും നിർമ്മിക്കുമ്പോൾ സോളാർ വൈദ്യുതി ഉത്പാദനം നിർബന്ധമാക്കുന്നതിന് നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ടോ; | (സി) 25.11.2013 ലെ സ.ഉ.(പി)49/2013/ഊ.വ പ്രകാരം സർക്കാർ പുറപ്പെടുവിച്ച കേരള സോളാർ എനർജി പോളിസിയിൽ പ്രതല വിസ്തീർണ്ണം 2000 ചതുരശ്ര അടിക്കും 3000 ചതുരശ്ര അടിക്കും ഇടയിലുള്ള ഗാർഹിക കെട്ടിടങ്ങൾക്ക് കുറഞ്ഞത് 100 ലിറ്റർ ശേഷിയുള്ള സൗരോർജ്ജ വാട്ടർ ഹീറ്ററും, 500 വാട്ട് ശേഷിയിൽ കുറയാതെയുള്ള സൗരോർജ്ജ പ്ലാന്റും, 3000 ചതുരശ്ര അടിക്കു മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 100 ലിറ്ററിൽ കുറയാതെ ശേഷിയുള്ള സൗരോർജ്ജ വാട്ടർ ഹീറ്ററും, കുറഞ്ഞത് 1000 വാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റും സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ഫ്ളാറ്റ്/ അപ്പാർട്ട്മെന്റ് |

എന്നിവയിൽ പൊതുവായ ഉപഭോഗ ത്തിന്റെ 5% സൗരോർജ്ജത്തിൽ നിന്ന് ആയിരിക്കണമെന്ന് നിഷ്കർഷി ച്ചിട്ടുണ്ട്. മേൽ നയത്തിന്റെ അടിസ്ഥാന ത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(ഡി) ചെറുകിട വൈദ്യുതി ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിന് വൻകിട ഉപഭോക്താക്കളിൽ നിന്നും പ്രത്യേക 'സെസ്സ്' ഈടാക്കുവാൻ എന്തെങ്കിലും നടപടികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; ഇല്ലെങ്കിൽ ആയത് നടപ്പിലാക്കുമോ?

(ഡി) ഇല്ല. എന്നാൽ ചില വിഭാഗം ഉപഭോക്താക്കളിൽ നിന്നും ചെലവിനേക്കാൾ ഉയർന്ന നിരക്ക് ഈടാക്കുവാനും അതു വഴി ലഭിയ്ക്കുന്ന നേട്ടം ഉപയോഗപ്പെടുത്തി മറ്റു വിഭാഗം ഉപഭോക്താക്കളുടെ നിരക്ക് ചെലവിനേക്കാൾ താഴ്ത്തി നിശ്ചയിക്കുന്നതിനുമുള്ള ക്രോസ് സബ്സിഡി സംവിധാനം നിലവിലുണ്ട്. ഈ ക്രോസ് സബ്സിഡിയുടെ അളവ് കുറച്ചു കൊണ്ട് വരണമെന്ന് വൈദ്യുതി നിയമത്തിലെ സെക്ഷൻ 39(2) (d), 42(2), 61(g) എന്നീ വകുപ്പുകളിൽ നിഷ്കർഷിക്കുന്നു. ഇതു പ്രകാരം ക്രോസ് സബ്സിഡി കുറച്ചു കൊണ്ടു വരുന്നതിനുള്ള റോഡ് മാപ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ